# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 138      08.02.2016-ലെ മറുപടിയ്ക്ക്

## മംഗല്യനിധി പദ്ധതി

**ചോദ്യം**

ശ്രീ.കെ.കെ.നാരായണൻ

(എ) മംഗല്യനിധി പദ്ധതി ആരംഭിച്ചിന് ശേഷം ഇതുവരെയുള്ള ഓരോ വർഷവും എത്ര തുക വീതം പദ്ധതിയിലേയ്ക്ക് സമാഹരിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓരോ വർഷവും മംഗല്യനിധി വഴിയുള്ള ധനസഹായത്തിന് അപേക്ഷിച്ചവർ എത്ര; ധനസഹായത്തിന് അർഹരെന്ന് കണ്ടെത്തിയവർ എത്ര; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഓരോ വർഷവും അർഹരെന്ന് കണ്ടെത്തിയവരിൽ ആനുകൂല്യം പൂർണമായും ലഭ്യമാകാത്തവർ എത്ര വീതം; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) മംഗല്യനിധി പദ്ധതിയിൽ നിലവിൽ അവശേഷിക്കുന്ന തുക എത്ര; വ്യക്തമാക്കാമോ?

**മറുപടി**

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

(എ) (ബി) (സി) & (ഡി) 2013 മുതലാണ് ആഡംബര നികുതി നിയമ പ്രകാരം കല്യാണമണ്ഡപങ്ങൾക്ക് മംഗല്യനികുതി സെസ് ഏർപ്പെടുത്തിയത്. ഇതിൽ നിന്നും ലഭ്യമായ നികുതി താഴെപ്പറയും പ്രകാരമാണ്.

2013-14 - 4.09 കോടി രൂപ

2014-15 - 3.57 കോടി രൂപ

പ്രസ്തുത പദ്ധതി നിലവിൽ വന്നതിനെ തുടർന്ന് ധാരാളം റിട്ട് പെറ്റീഷനുകൾ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്യുകയുണ്ടായി. റിട്ട് പെറ്റീഷനുകളുടെ അഡ്മിഷൻ സ്റ്റേജിൽ തന്നെ മംഗല്യ നിധി സെസ്സ് പിരിക്കുന്നത് ബഹു.ഹൈക്കോടതി സ്റ്റേ ചെയ്തു. തുടർന്ന് 26.8.2014 ലെ അന്തിമവിധി ന്യായത്തിൽ മംഗല്യ നിധി സെസ്സ് ഭരണഘടനാ വിരുദ്ധമാണെന്ന് വിധിച്ചുകൊണ്ട് റദ്ദാക്കി.

**സെക്ഷൻ ഓഫീസർ**